**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **11-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാറിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സമഗ്ര വികസനങ്ങൾ നടപ്പിലാക്കി വരുന്നു. ആർദ്രം പദ്ധതി പ്രകാരം കുട്ടനാട്ടിലെ 8 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (കുടുംബാരോഗ്യ കേന്ദ്രങ്ങൾ-തലവടി, നീലംപേരൂർ, വീയപുരം, രാമങ്കരി, തകഴി, കാവാലം, കുപ്പപ്പുറം, മുട്ടാർ), 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (സാമൂഹികാരോഗ്യ കേന്ദ്രം - ചമ്പക്കുളം, വെളിയനാട്) കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രം ചെമ്പുംപുറം, എടത്വാ എന്നീ ആശുപത്രികളിൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ആശുപത്രി വികസനം, ലാബ് വിപുലീകരണം,കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ ഒ.പി സേവനം, ലാബോറട്ടറി, വിവിധ രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എന്നിവ ഏർപ്പെടുത്തി വരുന്നു. കൂടാതെ ആശുപത്രികൾക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ എൻ.എച്ച്.എം മുഖേന ഏർപ്പെടുത്തിവരുന്നു. കൂടാതെ ആർദ്രം പദ്ധതി പ്രകാരം ഒന്നാംഘട്ടം, രണ്ടാംഘട്ടത്തിൽ ഉയർത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തലവടി കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടത്തിനായി ആശുപത്രിയുടെ പേരിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. നീലംപേരൂർ കുടുംബാരോഗ്യ കേന്ദ്രം 2018-ലെ പ്രളയത്തിൽ ടി സ്ഥാപനത്തിന് നാശനഷ്ടങ്ങൾ നേരിടുകയുണ്ടായി. പുതിയ കെട്ടിട നിർമ്മാണത്തിന് 2020-21-ൽ |

| | | | |
|---|---|---|---|
| | | | എൻ.എച്ച്.എം-ന്റെ പി.ഐ.പി (പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ) 1 കോടി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി വരുന്നു. താലൂക്കാശുപത്രി, പുളിങ്കുന്ന് പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 144.06 കോടി രൂപ ബഹുനില കെട്ടിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ അത്യാധുനിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്ത് സ്ഥിതിചെയ്യുന്ന അത്യന്താപേക്ഷിതമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുള്ളതാണ്. ബഹുനില കെട്ടിടത്തിന്റെ പ്ലാൻ അപ്രൂവൽ, സാങ്കേതിക അനുമതി എന്നിവ കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആശുപത്രി നിൽക്കുന്ന സ്ഥലം ആശുപത്രിയുടെ പേരിലേയ്ക്ക് മാറ്റുവാൻ റവന്യൂ വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ നിർവ്വഹണ ചുമതലയിൽപ്പെട്ടതാണ് ടി സ്ഥാപനം. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1, റേഡിയോഗ്രാഫർ-1, എക്സ്റേ അറ്റൻഡർ-1, ഫാർമസിസ്റ്റ് -1, സ്റ്റാഫ് നേഴ്സ് -4, ലാബ് ടെക്നീഷ്യൻ-1, എന്നീ തസ്തികകളും കൂടാതെ സർക്കാർ ഉത്തരവ് (കൈ) നം. 168/2021/ആ.കു.വ, തീയതി: 22.09.2021 പ്രകാരം സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-I, ക്ലാർക്ക്-1 എന്നിങ്ങനെ രണ്ട് അധിക തസ്തികകളും സൃഷ്ടിച്ചിട്ടുള്ളതാകുന്നു. |
| (ബി) | ടി ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. തലവടി കുടുംബാരോഗ്യ കേന്ദ്രം അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നേഴ്സ് -2 ലാബ് ടെക്നീഷ്യൻ-1 ഫാർമസിസ്റ്റ്-1 നീലംപേരൂർ, കുടുംബാരോഗ്യ കേന്ദ്രം ഡോക്ടർ - 1 സ്റ്റാഫ് നേഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 കുടുംബാരോഗ്യ കേന്ദ്രം, വീയപുരം ഡോക്ടർ -1 ലാബ് ടെക്നീഷ്യൻ -1 കുടുംബാരോഗ്യ കേന്ദ്രം, രാമങ്കരി ഡോക്ടർ -1 സ്റ്റാഫ് നേഴ്സ് -1 കുടുംബാരോഗ്യ കേന്ദ്രം, തകഴി ഡോക്ടർ - 1 സ്റ്റാഫ് നേഴ്സ് -1 കുടുംബാരോഗ്യ കേന്ദ്രം, കാവാലം ഡോക്ടർ - 1 സ്റ്റാഫ് നേഴ്സ് -1 കുടുംബാരോഗ്യ കേന്ദ്രം, കുപ്പപ്പുറം ഡോക്ടർ - 1 സ്റ്റാഫ് നേഴ്സ് -1 |

| | | | |
|---|---|---|---|
| (സി) | ആരോഗ്യ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ